# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - സ്കൂൾ മാസ്റ്റർ പ്ലാൻ

## കരട് രൂപരേഖ

### അവസ്ഥാ വിശകലനം

1928 ലാണ് സെന്റ്. ആന്റണീസ് യു.പി.സ്കൂൾ സ്ഥാപിതമായത്. മഞ്ഞുമ്മൽ പ്രൊവിൻസിന്റെ നേതൃത്വത്തിലുള്ള നിഷ്പാദുക കോർപ്പറേറ്റ് എഡ്യുക്കേഷന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളാണിത്. ഇപ്പോഴത്തെ ജനറൽ മാനേജറായ ഫാദർ ആന്റണി മഠത്തിപറമ്പിൽ ഒ.സി.ഡിയുടെയും നേതൃത്വത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു. മലയാളം മീഡിയത്തോടൊപ്പം പാരലൽ ആയി ഇംഗ്ലീഷ് മീഡിയത്തിലും അധ്യാപനം നടത്തുന്നു.

ഹെഡ്മാസ്റ്റർ ശ്രീ. ഡെറിൻ. കെ.എ. യുടെ നേതൃ

ത്വത്തിൽ 8 എൽ.പി. അധ്യാപകരും 7 യു.പി അധ്യാപകരും 2 ഭാഷാ അധ്യാപകരും, ഒരു ഓഫീസ് അറ്റൻഡറും ഉൾപ്പെടെ 19 സ്റ്റാഫ് അംഗങ്ങൾ കർമ്മോത്സുകരായി വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു. എല്ലാ അധ്യാപകരും അക്കാദമിക മികവും യോഗ്യതയുമുള്ളവരുമാണ്. LP, UP ക്ലാസുകളിലായി 586 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. വിദ്യാലയത്തോട് ചേർന്ന് പ്രീ.പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നു. 198 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. 10 ജീവനക്കാർ പ്രീ-പ്രൈമറിയിൽ ജോലി ചെയ്യുന്നു.

## Infrastructure

സ്കൂൾ കെട്ടിടം PRE KER ആണ്. മെയിൻ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന്റെ തെക്കും കിഴക്കും വടക്കും വശങ്ങളിൽ റോഡാണ്. തെക്കേ അതിരിൽ പ്രവർത്തന രഹിതമായ ഇരു നില കെട്ടിടം കാലഹരണപ്പെട്ടതും, ജീർണ്ണിച്ചതുമായതി

നാൽ ഉപയോഗ ശൂന്യമായി നിൽക്കുന്നു. ഈ കെട്ടിടം പൊളിച്ചുമാറ്റി പുതിയ നല്ലൊരു സ്കൂൾ കെട്ടിടം പണിയുവാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിനുവേണ്ടി ഇനിയും നടപ്പാക്കേണ്ട പദ്ധതികൾ താഴെ ചേർക്കുന്നു.

1. കെട്ടിടം പൊളിക്കാനുള്ള അനുമതി കോർപ്പറേഷനിൽ നിന്നും കരസ്ഥമാക്കുക. (ഹ്രസ്വകാലം)

2. തറക്കല്ലിടുക (ഹ്രസ്വകാലം)

3. പദ്ധതിയനുസരിച്ചുള്ള കെട്ടിടം പണി എത്രയും വേഗം പൂർത്തിയാക്കുക.

ലക്ഷ്യം

1. പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കൽ

സാങ്കേതിക സൗകര്യം മെച്ചപ്പെടുത്തൽ

ക്ലാസ് റൂം ഹൈടെക്ക് ആക്കി മാറ്റുക

ഇപ്പോൾ പ്രവർത്തനക്ഷമമായ 15 കമ്പ്യൂട്ടറുകളും , 5 LCD പ്രൊജക്റ്ററും , 5 സ്ക്രീനും , ഇന്റർനെറ്റ് സൗകര്യവും സൗണ്ട് സിസ്റ്റവും വിദ്യാലയത്തിൽ ലഭ്യമാണ്. ഓരോ അധ്യാപകരും സ്വന്തം ലാപ്ടോപ്പ് ഉപയോഗിച്ച് ICT സാധ്യതകൾ ഉപയോഗപ്പെടുത്തി ക്ലാസ്സെടുക്കുന്നു. MLA , MP ഫണ്ടുകൾ ഉപയോഗിച്ച് ഹൈടെക്ക് ക്ലാസ് റൂമുകൾ പണി പൂർത്തിയാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കലാ കായിക - സാഹിത്യരംഗം

കലാ കായിക പ്രവൃത്തി പരിചയ മത്സരങ്ങളിൽ പങ്കെടുത്തു കുട്ടികളുടെ കഴിവു തെളിയിക്കുന്നതിനായി കായിക പരിശീലനം നടത്തു ന്നതിനായി ഒരു അധ്യാപകനെയും നൃത്ത പരിശീലനത്തിനായി ഒരു

അധ്യാപികയെയും നിയമിക്കാൻ തീരുമാനിച്ചു. പ്രവൃത്തി പരിചയ പരിശീലനം നൽകുന്നതിനായി അമ്മമാർക്ക് മത്സരം സംഘടിപ്പിക്കുകയും, അതിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അമ്മമാരുടെ സഹായത്തോടെ ക്ലാസ് സമയത്തിനു ശേഷം പരിശീലനം നൽകാമെന്നും തീരുമാനിച്ചു.

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

ജൂലൈ മാസത്തിനുള്ളിൽ എല്ലാ കുട്ടികളുടെയും ഗൃഹസന്ദർശനം പൂർത്തിയാക്കി "എന്റെ കുട്ടിയിൽ" കുടുംബ പശ്ചാത്തലം രേഖപ്പെടുത്തുക, നാടക ക്ലബ് രൂപീകരണം, പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട് റീൽസ് നിർമ്മാണം, അമ്മ വായന, വീട്ടിലൊരു വായന കൂട്, സുമ്പ പരിശീലനം.

## ദീർഘകാല പ്രവർത്തനങ്ങൾ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രകാരം എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു.

സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി പുസ്തക പ്രകാശനം, കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനായി സ്കൂളിലും വീട്ടിലും കൃഷിയെ പരിപോഷിപ്പിക്കുക.

ഫണ്ട്

സമൂഹത്തിൽ നിന്നും കണ്ടെത്തുന്നു/ പൂർവ്വ അധ്യാപക വിദ്യാർത്ഥികളിൽ നിന്നും, പ്രദേശവാസികളിൽ നിന്നും അഭ്യുദയകാംക്ഷികളുടെ പക്കൽ നിന്നും ഫണ്ട് കണ്ടെത്തുന്നു.